"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കണ്ണൂർ റൂറൽ ജില്ലയിലെ ഇരിട്ടി പോലീസ് സ്റ്റേഷനിലേക്ക് കട്ടിലുകൾ വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1218/2025/HOME തീയതി,തിരുവനന്തപുരം, 07-04-2025

പരാമർശം:- 1) സ.ഉ.(കൈ) നം. 157/2024/ധന തീയതി 17.11.2024.

2) സംസ്ഥാന പോലീസ് മേധാവിയുടെ 26.09.2024, 28.01.2025 എന്നീ തീയതികളിലെ എച്ച്1-174037/2024/പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ റൂറൽ ജില്ലയിലെ ഇരിട്ടി പോലീസ് സ്റ്റേഷനിലെ ബാരക്കിൽ ആവശ്യത്തിന് കട്ടിലുകൾ ഇല്ലാത്തത് കൊണ്ട് സേനാംഗങ്ങൾക്ക് വിശ്രമിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നതായും ആയതിനാൽ ബാരക്കിലെ ആവശ്യത്തിനായി 8 കട്ടിലുകൾ 2055-00-109-99-05-04 എന്ന ശീർഷകത്തിൽ നിന്നും 99,092/- രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കണ്ണൂർ റൂറൽ ജില്ലയിലെ ഇരിട്ടി പോലീസ് സ്റ്റേഷനിലേക്ക് ചുവടെപ്പറയുന്ന 8 കട്ടിലുകൾ വാങ്ങുന്നതിന് 99,092/- രൂപ (തൊണ്ണൂറ്റിയൊൻപതിനായിരത്തി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) 2055-00-109-99-05-04 എന്ന ശീർഷകത്തിലെ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ഇനം | എണ്ണം | തുക<br>(രൂപ) |
|---|---|---|
| Hardwood Cot with wooden plank<br>(190x75x45 cm) | 8 | 83,976<br>(@ Rs. 10,497/-) |
| ആകെ (GST ഉൾപ്പെടെ) | | 99,092/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (04.04.2025 ലെ വ്യയം-എ3/572/2024-ധന (2949077) പ്രകാരം)

ഡയറക്ടർ, ഐ&പിആർഡി. (വെബ്&ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Jalaja Kumari M S**
**Date: 08-04-2025 11:27:01**
സെക്ഷൻ ഓഫീസർ